**<u>മസർ-എ -ഷരീഫിലെ തീവ്രവാദി ആക്രമണത്തെ ഇന്ത്യ ശക്തമായി അപലപിച്ചു</u>**

ഏപ്രിൽ 22, 2017

മസർ-എ -ഷരീഫിൽ ഏപ്രിൽ 21 നു നടന്ന തീവ്രവാദി ആക്രമണത്തെ ഇന്ത്യ കടുത്ത ഭാഷയിൽ ശക്തമായി അപലപിച്ചു , ആക്രമണത്തിൽ അഫ്ഘാൻ ദേശീയ പ്രതിരോധ സേനയിലെ ധീരരായ ഉദ്യോഗസ്ഥർ ഉൾപ്പെടെ നിരവധി ജീവനുകൾ , പൊലിഞ്ഞിരുന്നു. ഇന്ത്യയിലെ ഗവണ്മെന്റും ജനങ്ങളും തങ്ങളുടെ അഗാധമായ അനുശോചനം അറിയിക്കുകയും ഈ വിഷമഘട്ടത്തിൽ അഫ്ഗാനിസ്ഥാനിലെ ജനങ്ങൾക്കും ഗവണ്മെന്റിനും ഒപ്പം നിൽക്കുകയും ചെയ്യുന്നു

അതിർത്തിക്കു പുറമേ നിന്ന് തീവ്രവാദം അഫ്ഗാനിസ്ഥാനിൽ നിലനിർത്താൻ പിന്തുണ നൽകുന്ന സുരക്ഷിതമായ ഇടങ്ങളും സങ്കേതങ്ങളും എത്രയും പെട്ടെന്ന് നശിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ ഓർമിപ്പിക്കുന്നതാണ് ഈ തീവ്രവാദ ആക്രമണം. തീവ്രവാദത്തിന്റെ ഏതു രൂപത്തെയും ചെറുക്കുവാനുള്ള പോരാട്ടത്തിലും തീവ്രവാദ ആക്രമണത്തിലെ കുറ്റവാളികളെ, അവരെവിടെ ആണെങ്കിലും നീതിക്ക് മുന്നിൽ കൊണ്ടുവരാനുള്ള ശ്രമത്തിൽ ഇന്ത്യ അഫ്ഗാനിസ്ഥാന് നൽകുന്ന പിന്തുണയിൽ ഉറച്ചു നിൽക്കുന്നു ,

ന്യൂഡെൽഹി
ഏപ്രിൽ 22, 2017